**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **19-09-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികൾക്ക് മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമ പ്രകാരമുള്ള പട്ടികയിലുൾപ്പെടുത്തിയ വിവിധ തൊഴിൽ മേഖലകൾക്കാണ് മിനിമം വേതനം നിശ്ചയിക്കുന്നത്. ഇപ്രകാരം 87 തൊഴിൽ മേഖലകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ച് വരുന്നതുമാണ്. തൊഴിലാളികൾക്കുള്ള വേതനം ബാങ്ക് മുഖേന നൽകുന്നതിനും, മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായും വേജ് പ്രോട്ടക്ഷൻ സിസ്റ്റം തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ചും തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ Routine സ്ഥാപന പരിശോധനകളും സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖാന്തിരമുള്ള പരിശോധനകളും നടത്തി വരുന്നുണ്ട്. 2024 ജനുവരി മാസം മുതൽ നാളിതുവരെ മിനിമം വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് 48467 പരിശോധനകൾ നടത്തുകയും, 2565 പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്ന മുറക്കും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ, മിനിമം വേതനം നൽകാത്തതുമായി ബന്ധപ്പെട്ട് തൊഴിലുടമക്കെതിരായി തൊഴിലാളിക്ക് നേരിട്ടോ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ മുഖേനയോ ടി നിയമപ്രകാരമുള്ള ക്ലെയിം അധികാരി മുമ്പാകെ |

| | | | |
|---|---|---|---|
| | | | ക്ലെയിം പെറ്റിഷൻ ഫയൽ ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. |
| (ബി) | സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | സ്ത്രീ-പുരുഷ തൊഴിലാളി ഭേദമന്യേ എല്ലാ തൊഴിലാളികൾക്കും തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ഈക്വൽ റമുണറേഷൻ ആക്ട്, 1976 പാസ്സാക്കിയിട്ടുണ്ട്. കൂടാതെ, മിനിമം വേതന വിജ്ഞാപനങ്ങളിലും സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് വ്യത്യസ്ത വേതനം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. 1948-ലെ മിനിമം വേതന നിയമം, 1976-ലെ ഈക്വൽ റമുണറേഷൻ ആക്ട് എന്നീ തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെടലുകൾ നടത്തി പരാതികൾക്ക് പരിഹാരം കാണുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപനപരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരായും, അത്തരം ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം സംസ്ഥാന തൊഴിൽ വകുപ്പ് **'സഹജ'** എന്ന പേരിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | 1948-ലെ മിനിമം വേതന നിയമപ്രകാരം സംസ്ഥാനത്ത് ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളുടെ എണ്ണം എത്രയാണെന്നും അതിൽ മിനിമം വേതനം നിശ്ചയിച്ച മേഖലകൾ ഏതെല്ലാമെന്നും വിശദമാക്കുമോ; | (സി) | 1948-ലെ മിനിമം വേതന നിയമപ്രകാരം, സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും, കൂടാതെ, സംസ്ഥാനത്തെ ജിംനേഷ്യംസ്, പെയിന്റ് നിർമ്മാണം, വെയർഹൗസ്, ഗോഡൗൺ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കാൻ ലക്ഷ്യമിട്ട് സർക്കാർ പ്രസ്തുത മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 87 മേഖലകളിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി തൊഴിൽ മേഖലകളുടെ വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിലെ മിനിമം വേതനം മറ്റ് | (ഡി) | കാർഷിക, കാർഷികേതര, നിർമ്മാണ മേഖലകളിൽ മിനിമം വേതനം മറ്റ് |

| | | | |
|---|---|---|---|
| | സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എത്രയധികം ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ വേതനം ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള കാർഷിക, കാർഷികേതര, നിർമ്മാണ മേഖലകളിലെ പ്രതിദിന വേതനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന നിരക്കിലാണ്. 09/12/2024-ലെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2023-24"-ന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 807.2 രൂപയും, കാർഷികേതര മേഖലയിൽ ജോലി ചെയ്യുന്ന പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 735 രൂപയും നിർമ്മാണ മേഖലയിൽ ജോലി ചെയ്തുവരുന്ന പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 893.6 രൂപയുമാണ്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ദേശീയ ശരാശരി 372.7 രൂപയും, കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 371.4 രൂപയും, നിർമ്മാണ മേഖലയിലെ ദേശീയ ശരാശരി 417.3 രൂപയുമാണ്. ആയത് മദ്ധ്യപ്രദേശ്, ത്രിപുര, ഗുജറാത്ത് സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കാർഷിക, കാർഷികേതര, നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം മറ്റ് സംസ്ഥാനങ്ങളേക്കാൾ ഉയർന്ന നിരക്കിലാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നതിനായി തൊഴിൽ വകുപ്പ് നടത്തുന്ന മാസാന്ത്യ പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | 1948-ലെ മിനിമം വേതന നിയമം, 1976-ലെ ഈക്വൽ റമുണറേഷൻ ആക്ട് അടക്കമുള്ള വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം ജില്ലാ ലേബർ ഓഫീസർമാർ/അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന സ്ഥാപന പരിശോധനയുടെ വിവരങ്ങളും follow up നടപടികളുടെ വിവരങ്ങളും LCAS പോർട്ടലിൽ upload ചെയ്യുകയും വകുപ്പിന്റെ enforcement wing-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ work review, മീറ്റിങ്ങുകൾ റീജിയൺ അടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും ലേബർ കമ്മീഷണർ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. കൂടാതെ, ഇതുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | അവലോകന യോഗങ്ങൾ വിളിച്ചുചേർത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകൾ

| ക്ര. നം. | തൊഴിൽ മേഖല |
|---|---|
| 1. | എംപ്ലോയ്മെന്റ് ഇൻ അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 2. | എംപ്ലോയ്മെന്റ് ഇൻ അലുമിനിയം ആന്റ് ടിൻ പ്രോഡക്ട്സ് |
| 3. | എംപ്ലോയ്മെന്റ് ഇൻ ആയുർവേദിക്ക് ആന്റ് അലോപ്പതിക് മരുന്നുകളുടെ നിർമ്മാണം |
| 4. | എംപ്ലോയ്മെന്റ് ഇൻ ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 5. | എംപ്ലോയ്മെന്റ് ഇൻ ബ്ലോക്ക് റബ്ബർ ഫാക്ടറീസ് |
| 6. | എംപ്ലോയ്മെന്റ് ഇൻ ബ്രിക്സ് മാനുഫാക്ചറിംഗ് |
| 7. | എംപ്ലോയ്മെന്റ് ഇൻ വയർകട്ട് ബ്രിക്സ് |
| 8. | എംപ്ലോയ്മെന്റ് ഇൻ കെയിൻ ആന്റ് ബാംബൂ ഇൻഡസ്ട്രി |
| 9. | എംപ്ലോയ്മെന്റ് ഇൻ കാഷ്യൂ ഇൻഡസ്ട്രി |
| 10. | എംപ്ലോയ്മെന്റ് ഇൻ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസസ് |
| 11. | എംപ്ലോയ്മെന്റ് ഇൻ സിനിമാ തീയറ്റർ |
| 12. | എംപ്ലോയ്മെന്റ് ഇൻ കയർ ഇൻഡസ്ട്രി |
| 13. | എംപ്ലോയ്മെന്റ് ഇൻ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ |
| 14. | എംപ്ലോയ്മെന്റ് ഇൻ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ഓഫ് ഡാംസ് |
| 15. | എംപ്ലോയ്മെന്റ് ഇൻ ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ് |
| 16. | എംപ്ലോയ്മെന്റ് ഇൻ ഡൊമസ്റ്റിക് വർക്ക്സ് |
| 17. | എംപ്ലോയ്മെന്റ് ഇൻ ഡ്രൈയിംഗ് ഓഫ് കോക്കനട്ട് ഫോർ മേക്കിംഗ് കൊപ്ര |
| 18. | എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രിക് എക്വിപ്മെന്റ്സ് ഹോം അപ്ലൈയൻസ് ആന്റ് ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ് വെയർ സിസ്റ്റം |
| 19. | എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രോണിക് ഇൻഡസ്ട്രീസ് |
| 20. | എംപ്ലോയ്മെന്റ് ഇൻ ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ് |
| 21. | എംപ്ലോയ്മെന്റ് ഇൻ ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി |
| 22. | എംപ്ലോയ്മെന്റ് ഇൻ ഫോറസ്റ്റ്സ് |
| 23. | എംപ്ലോയ്മെന്റ് ഇൻ ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 24. | എംപ്ലോയ്മെന്റ് ഇൻ ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി |

| | |
|---|---|
| 25. | എംപ്ലോയ്മെന്റ് ഇൻ ഗോൾഡ് ആന്റ് സിൽവർ ഓർണമെന്റ്സ് |
| 26. | എംപ്ലോയ്മെന്റ് ഇൻ ഹാന്റി ക്രാഫ്റ്റ്സ് |
| 27. | എംപ്ലോയ്മെന്റ് ഇൻ ഹാന്റിലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 28. | എംപ്ലോയ്മെന്റ് ഇൻ ഹാന്റ്ലൂം |
| 29. | എംപ്ലോയ്മെന്റ് ഇൻ ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 30. | എംപ്ലോയ്മെന്റ് ഇൻ ഹോസിയറി മാനുഫാക്ചറിംഗ് |
| 31. | എംപ്ലോയ്മെന്റ് ഇൻ ഹോസ്റ്റൽസ് |
| 32. | എംപ്ലോയ്മെന്റ് ഇൻ ഐസ് ഫാക്ടറീസ് |
| 33. | എംപ്ലോയ്മെന്റ് ഇൻ ഖാദി ഇൻഡസ്ട്രീസ് |
| 34. | എംപ്ലോയ്മെന്റ് ഇൻ എൽ.പി.ഗ്യാസ് |
| 35. | എംപ്ലോയ്മെന്റ് ഇൻ ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 36. | എംപ്ലോയ്മെന്റ് ഇൻ ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് |
| 37. | എംപ്ലോയ്മെന്റ് ഇൻ മാർബിൾ ആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രി |
| 38. | എംപ്ലോയ്മെന്റ് ഇൻ മാച്ച് ഇൻഡസ്ട്രി |
| 39. | എംപ്ലോയ്മെന്റ് ഇൻ മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് |
| 40. | എംപ്ലോയ്മെന്റ് ഇൻ മൈനർ എഞ്ചിനീയറിംഗ് |
| 41. | എംപ്ലോയ്മെന്റ് ഇൻ മൈനർ പോർട്ട്സ് |
| 42. | എംപ്ലോയ്മെന്റ് ഇൻ ഓയിൽ മിൽ |
| 43. | എംപ്ലോയ്മെന്റ് ഇൻ ഓയിൽ പാം |
| 44. | എംപ്ലോയ്മെന്റ് ഇൻ പെട്രോൾ പമ്പ്സ് |
| 45. | എംപ്ലോയ്മെന്റ് ഇൻ ഫാർമസിസ്റ്റ്സ് ഇൻ മെഡിക്കൽ ഷോപ്പ്സ് |
| 46. | എംപ്ലോയ്മെന്റ് ഇൻ പ്ലാന്റേഷൻസ് |
| 47. | എംപ്ലോയ്മെന്റ് ഇൻ പ്ലാസ്റ്റിക് ഇൻഡസ്ട്രി |
| 48. | എംപ്ലോയ്മെന്റ് ഇൻ പവർലൂം |
| 49. | എംപ്ലോയ്മെന്റ് ഇൻ പ്രിന്റിംഗ് പ്രസ് |
| 50. | എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 51. | എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഹോസ്പിറ്റൽസ് |
| 52. | എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ടെമ്പിൾസ് |
| 53. | എംപ്ലോയ്മെന്റ് ഇൻ റൈസ് മിൽ, ഫ്ളോർ മിൽ, ദാൽ മിൽ |
| 54. | എംപ്ലോയ്മെന്റ് ഇൻ റിവർ സാന്റ് കളക്ഷൻ |

| | |
|---|---|
| 55. | എംപ്ലോയ്മെന്റ് ഇൻ റബ്ബർ ക്രേപ്പ് മിൽസ് |
| 56. | എംപ്ലോയ്മെന്റ് ഇൻ റബ്ബർ പ്രോഡക്ട്സ് ഇൻഡസ്ട്രി |
| 57. | എംപ്ലോയ്മെന്റ് ഇൻ സെയിൽ പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ് |
| 58. | എംപ്ലോയ്മെന്റ് ഇൻ സ്ക്രീൻ പ്രിൻറിംഗ് |
| 59. | എംപ്ലോയ്മെന്റ് ഇൻ സെക്യൂരിറ്റി സർവ്വീസ് |
| 60. | എംപ്ലോയ്മെന്റ് ഇൻ ഷോപ്പ്സ്, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്സ് |
| 61. | എംപ്ലോയ്മെന്റ് ഇൻ സോപ്പ് മാനുഫാക്ചറിംഗ് |
| 62. | എംപ്ലോയ്മെന്റ് ഇൻ സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് |
| 63. | എംപ്ലോയ്മെന്റ് ഇൻ കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് |
| 64. | എംപ്ലോയ്മെന്റ് ഇൻ സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ് |
| 65. | എംപ്ലോയ്മെന്റ് ഇൻ ടാനറീസ് ആന്റ് ലെതർ മാനുഫാക്ചറിംഗ് |
| 66. | എംപ്ലോയ്മെന്റ് ഇൻ ടെലിഫിലിം & മോഷൻ പിക്ചർ |
| 67. | എംപ്ലോയ്മെന്റ് ഇൻ ടൈൽ ഇൻഡസ്ട്രി |
| 68. | എംപ്ലോയ്മെന്റ് ഇൻ ടിംബർ ഇൻഡസ്ട്രി |
| 69. | എംപ്ലോയ്മെന്റ് ഇൻ പ്ലൈവുഡ് ഇൻഡസ്ട്രി |
| 70. | എംപ്ലോയ്മെന്റ് ഇൻ ടിംബർ കട്ടിംഗ് |
| 71. | എംപ്ലോയ്മെന്റ് ഇൻ ടോഡി ടാപ്പിംഗ് |
| 72. | എംപ്ലോയ്മെന്റ് ഇൻ ട്രീ ക്ലൈംബിംങ് |
| 73. | എംപ്ലോയ്മെന്റ് ഇൻ അമ്പ്രല്ല മാനുഫാക്ചറിംഗ് |
| 74. | എംപ്ലോയ്മെന്റ് ഇൻ വാട്ടർബോട്ട് ട്രാൻസ്പോർട്ട് അദർ ദാൻ മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട് |
| 75. | എംപ്ലോയ്മെന്റ് ഇൻ സ്റ്റാർ ഹോട്ടൽസ് |
| 76. | എംപ്ലോയ്മെന്റ് ഇൻ ബ്രൂവറീസ് |
| 77. | എംപ്ലോയ്മെന്റ് ഇൻ മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് |
| 78. | എംപ്ലോയ്മെന്റ് ഇൻ ഫോട്ടോഗ്രാഫി – വീഡിയോഗ്രാഫി |
| 79. | എംപ്ലോയ്മെന്റ് ഇൻ പേപ്പർ പ്രൊഡക്ഷൻ ഇൻഡസ്ട്രി |
| 80. | എംപ്ലോയ്മെന്റ് ഇൻ ഫുട്ട് വെയർ മാനുഫാക്ചറിംഗ് |
| 81. | എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 82. | എംപ്ലോയ്മെന്റ് ഇൻ കേബിൾ ടി.വി. നെറ്റ് വർക്ക്സ് |

| | |
|---|---|
| 83. | എംപ്ലോയ്മെന്റ് ഇൻ മീഡിയ സെക്ടർ |
| 84. | എംപ്ലോയ്മെന്റ് ഇൻ സ്റ്റീൽ കാസ്റ്റിംഗ് (ടി.എം.ടി. സ്റ്റീൽ ബാർസ്) |
| 85. | എംപ്ലോയ്മെന്റ് ഇൻ സ്വകാര്യ ആയുർവേദം, ഹോമിയോ ആന്റ് ദന്തൽ ഹോസ്പിറ്റൽ, പാരമ്പര്യ ചികിത്സ, സിദ്ധ, യൂനാനി, മർമ്മ വിഭാഗങ്ങൾ, ആശുപത്രിയോടൊപ്പമല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ |

Divya

സെക്ഷൻ ഓഫീസർ.